# 70. തവള

ഈയാഴ്ചയിൽ എന്തിനെപ്പറ്റി എഴുതണമെന്ന് ആലോചിച്ചുകൊണ്ട് സന്ധ്യാസമയത്ത് ചാരുകസേരയിൽ ഇരിക്കുന്ന എന്റെ ചുറ്റും കൊതുകുകൾ മൂളിപ്പറക്കുകയാണ്. കൂടുതൽ വാശിയുള്ള ഒരു കൊതുക്, എന്റെ മൂക്കിന്റെ അറ്റത്തുനിന്നേ ചോര കുടിക്കൂ എന്ന നിർബന്ധവുമായി, നിശ്ചിതസ്ഥലത്ത് ഇറങ്ങാൻ ശ്രമിക്കുന്നു. ഞാനതിനെ കൂടെക്കൂടെ ആട്ടിയോടിക്കുന്നുണ്ട്. പക്ഷേ, വിജയം അവസാനം കൊതുകിനുതന്നെയായിരിക്കുമെന്ന കാര്യത്തിൽ എനിക്കു യാതൊരു സംശയവുമില്ല. യുദ്ധം ആരംഭിക്കുന്നതിനുമുമ്പുതന്നെ ഞാൻ തോറ്റുകൊടുത്തിരിക്കുന്നു.

പണ്ട് നമ്മുടെ നാട്ടിൻപുറങ്ങളിൽ കൊതുകുകളുടെ ഉപദ്രവം തീരെ ഇല്ലായിരുന്നു. നഗരങ്ങളിലും, ഇത്രയേറെ ദ്രോഹം അവ ചെയ്തിരുന്നില്ല. ഇപ്പോൾ, കേരളത്തിൽ എവിടെയായാലും, കൊതുകുവലയ്ക്കുള്ളിലാണ് ഞാൻ കിടന്നുറങ്ങാറ്. പക്ഷേ, ഉറങ്ങാതെയും ഇരിക്കണമല്ലോ ദിവസം തോറും കുറെ ഏറെ സമയം. അപ്പോഴൊക്കെ, കൊതുകുകളുടെ ആക്രമണത്തിനു വഴങ്ങിക്കൊടുക്കുകയല്ലാതെ എന്തു ഗതി?

ഇത്രയേറെ കൊതുകുശല്യം മുമ്പ് ഉണ്ടായിരുന്നില്ലെങ്കിൽ അതിനു കാരണമെന്തായിരുന്നു? കൊതുകുകൾ മുട്ടയിട്ടുപെരുകുന്ന ചതുപ്പുകൾ കൂടുകയല്ല, കുറയുകയാണു ചെയ്തത്. മുനിസിപ്പാലിറ്റിക്കാരുടെ മരുന്നുതളി പണ്ട് ഇല്ലാതിരുന്ന ഒരു പ്രക്രിയയാണ്. ആമത്തിരിപോലെയുള്ള കൊതുകുനാശിനികളും ഈയിടത്തെ കണ്ടുപിടിത്തങ്ങൾതന്നെ. കൊതുകുകളെ നശിപ്പിക്കണമെന്ന വാശി മനുഷ്യർക്കു വർധിക്കുന്ന തോതിനു കൊതുകുകളുടെ എണ്ണം പെരുത്തുവരികയാണെന്നത് ഒരു വിരോധാഭാസമല്ലേ?

കൊതുകുകൾക്കുമുമ്പ് ഒട്ടേറെ ശത്രുക്കളുണ്ടായിരുന്നു. ഇവ കൊതുകുകളുടെ എണ്ണപ്പെരുപ്പത്തെ ഫലപ്രദമായി നിയന്ത്രിച്ചിരുന്നു. വീട്ടിനകത്തുള്ള ഗൗളികൾ (പല്ലികൾ) കഴിയുന്നത്ര കൊതുകുസംഹാരം ഇന്നും നടത്തിവരുന്നുണ്ടല്ലോ. വീട്ടിനുപുറത്ത്, കൊതുകുകൾ മുട്ടയിട്ടു കൂത്താടികൾ വളരുന്ന ചതുപ്പുകളിലും ജലാശയങ്ങളിലും പണ്ട് ധാരാളം തവളകൾ ഉണ്ടായിരുന്നു. കൊതുകുകളെ സംഹരിക്കുന്നതിൽ ഏറ്റവും ഫലപ്രദമായ പങ്കു നിർവഹിച്ചിരുന്നത് ഈ തവളകളായിരുന്നു.

തവളയുടെ പിൻകാലുകൾ സ്വാദുള്ള ഒരു ഭക്ഷ്യവസ്തുവാണെന്ന് അമേരിക്കയും ജപ്പാനും ഫ്രാൻസും ജർമനിയും പോലെയുള്ള സമ്പന്നരാജ്യങ്ങളിലെ ജനങ്ങൾ ഈ അടുത്തകാലത്ത് കണ്ടുപിടിച്ചു. നാലു കാശു കിട്ടുമെങ്കിൽ സ്വന്തം കുട്ടികളുടെ കാൽപോലും വെട്ടിവില്ക്കാൻ മടിക്കാത്ത ഇന്ത്യപോലെയുള്ള ദരിദ്രരാജ്യങ്ങളിലെ ജനങ്ങൾ വൻതോതിൽ തവളകളെ പിടിച്ചുകൊന്ന് അവയുടെ കാലുകൾ കയറ്റിയയയ്ക്കാൻ തുടങ്ങി. വിദേശനാണ്യമെന്നു കേട്ടാൽ വായിൽ വെള്ളമൂറുന്ന നമ്മുടെ സർക്കാരുകൾ ഈ കച്ചവടത്തെ പരമാവധി പ്രോത്സാഹിപ്പിച്ചു. ഫലമോ? ഇന്ത്യയിൽ തവളകളുടെ എണ്ണം ആപത്കരമാംവിധം ചുരുങ്ങി. കൊതുകുകൾക്ക് മുട്ടയിട്ടുപെരുകാൻ ഏറ്റവും അനുകൂലമായി നമ്മുടെ പരിസരം.

1978–ാമാണ്ടിൽ ഇന്ത്യയിൽനിന്നു യൂറോപ്പിലേക്കു മാത്രമായി മൂവായിരത്തഞ്ഞൂറുടൺ തവളക്കാൽ കയറ്റി അയച്ചുവെന്ന് വിഖ്യാത പ്രകൃതിനിരീക്ഷകനായ ശ്രീ എം. കൃഷ്ണൻ പ്രസ്താവിക്കുന്നു. (സ്റ്റേറ്റ്സ്മാൻ, ഫെബ്രുവരി 16.) ഈ കയറ്റുമതി യൂറോപ്പിലേക്കു മാത്രമാണ്; അമേ

രിക്കയിലേക്കും ജപ്പാനിലേക്കുമുള്ള കയററുമതി ഇതിനുപുറമെയായിരുന്നു. ഇന്ത്യയിൽനിന്ന് കുറെക്കാലമായി ആണ്ടുതോറും നടക്കുന്ന തവളക്കാൽ കയററുമതി ഏതാണ്ട് ഇതേതോതിലായിരിക്കണമെന്ന് ശ്രീ എം. കൃഷ്ണൻ കരുതുന്നു. സാധാരണഗതിയിൽ ഒരു തവളയുടെ തൂക്കം അതിൻെറ പിൻകാലുകളുടെ തൂക്കത്തിൻെറ മൂന്ന് ഇരട്ടിയായിരിക്കും. ഈ അടിസ്ഥാനത്തിൽ കണക്കുകൂട്ടുമ്പോൾ, മൂവായിരത്തഞ്ഞൂറു ടൺ തവളക്കാൽ കയററി അയയ്ക്കാൻ ഇന്ത്യാക്കാർ ചുരുങ്ങിയത് ആറുകോടി തവളകളെ പിടിച്ചു കശാപ്പുചെയ്തിട്ടുണ്ടായിരിക്കണമെന്ന് ശ്രീ എം. കൃഷ്ണൻ കണക്കാക്കുന്നു. തവളകളിൽ പല ഇനങ്ങളുമുണ്ട്. അക്കൂട്ടത്തിൽ ഏററവും വലിപ്പംവെക്കുന്നതും, വയലുകളിലും കുളങ്ങളിലും മററും കണ്ടുവരുന്നതുമായ, തവിട്ടുനിറത്തിൽ കുത്തുകളും വരകളുമുള്ള റാണ ടൈഗറീന, പച്ചനിറമുള്ള റാണ ഹെക്സാഡാക്ടൈല എന്നീ ഇനം പോക്കാച്ചിത്തവളകളാണ് ആണ്ടുതോറും ഈ തോതിൽ പിടിച്ചു നശിപ്പിക്കപ്പെടുന്നത്.

ആർക്കും ഒരു ദ്രോഹവുംചെയ്യാത്ത ജീവികളാണ് തവളകൾ. അതേസമയം, അവ കൃഷിക്കും പൊതുജനാരോഗ്യത്തിനും ചെയ്യുന്ന സേവനം ഇത്രയെന്നു പറയാനാവില്ല. വിളകൾക്കു ദ്രോഹംചെയ്യുന്ന ഒട്ടുവളരെ പ്രാണികളേയും അവയുടെ മുട്ടകൾ, കൂത്താടികൾ എന്നിവയേയും തവളകൾ തിന്നൊടുക്കുന്നു. മുട്ട, കൂത്താടി, ശലഭം—ഏതു ദശയിലും കൊതുകുകൾ തവളകളുടെ പഥ്യാഹാരമാണ്. തവളകൾ തീററപ്രിയരാണ്; എത്ര തിന്നാലും അവയ്ക്കു മതിയാവില്ല. വളരെയധികം തൂക്കം കീടനാശിനികളുടെ പ്രയോജനം ഒരു തവളചെയ്യും. പക്ഷേ, ആര് ഇതെല്ലാം ശ്രദ്ധിക്കുന്നു?

ക്രൂരത എന്തെന്നറിയണമെങ്കിൽ നിങ്ങൾ തവളക്കാൽ 'സംസ്കരിക്കുന്ന' ഒരു ഫാക്ടറിയിലേക്കു പോകണം. ജീവനുള്ള തവളയിൽനിന്നു മുറിച്ചെടുക്കുന്ന കാലിനേ സ്വാദുള്ളൂ എന്നാണ് വിശ്വാസം. അതിനാൽ, ജീവനുള്ള, പിടയ്ക്കുന്ന, തവളയുടെ തലയും കൈകളും ഒരു കൈയിലും പിൻകാലുകൾ മറേറ കൈയിലുമായി പിടിച്ചെടുത്ത്, വലിച്ചുനീട്ടി, താഴെ ഒരു മരത്തിൽ വായ്ത്തല മേല്പോട്ടായി ഉറപ്പിച്ച് ഒരു കത്തികൊണ്ടു തവളയുടെ അരക്കെട്ടിൽവെച്ചു മുറിക്കുകയാണ് ചെയ്തുവരുന്നത്. ജീവനുള്ള തലഭാഗം ഒരുവശത്തേക്ക് എറിയും; കാലുകൾ ഐസും വെള്ളവും നിറച്ച ഒരു പാത്രത്തിൽ നിക്ഷേപിക്കും. ഹൃദയം മുറിച്ചുനീക്കിയ ശേഷവും തവളയുടെ ശരീരം എത്രയോ സമയം ജീവനോടെ ഇരിക്കുമെന്ന് ഏത് ജന്തുശാസ്ത്ര വിദ്യാർത്ഥിക്കും അറിയാം. അരയ്ക്കുതാഴെയുള്ള ഭാഗം മുറിച്ചു മാററപ്പെട്ട തവള പിടഞ്ഞുമരിക്കാൻ ഒരുപാടു സമയം എടുക്കും.

ഈ ക്രൂരതയ്ക്കെതിരെ വ്യാപകമായ പ്രതിഷേധമുണ്ടായപ്പോൾ, തവളകളുടെ ബോധംകെടുത്തിവേണം അവയുടെ കാലുകൾ മുറിച്ചെടുക്കാനെന്നു നിർദേശമുണ്ടായി. ബോധംകെടുത്താൻ തവളക്കയററുമതിക്കാർ കണ്ട വിദ്യ അവയെ ഉപ്പുവെള്ളത്തിൽ മുക്കിപ്പിടിക്കുക എന്നതായിരുന്നു. ശ്വാസംകഴിക്കാൻ തവളയ്ക്കു വെള്ളത്തിനുമീതെ വരണം. ഉപ്പുവെള്ളത്തിൽ ശ്വാസംമുട്ടിയുള്ള മരണം, കത്തികൊണ്ടു വെട്ടേററുള്ള മരണത്തേക്കാൾ മെച്ചമാണെന്ന് ഒരു തവളയും ഇതുവരെ പറഞ്ഞിട്ടില്ല. പക്ഷേ, ഏഴെട്ടു കാശിനുവേണ്ടി കോടിക്കണക്കിനു തവളകളോടു നാം കാട്ടിവരുന്ന ഈ ക്രൂരതയെപ്പററിയുള്ള ബോധം ജനങ്ങൾക്കിടയിൽ ഇനിയും സാർവത്രികമായിട്ടില്ല.

ഇപ്പോഴത്തെ തോതിൽ തവളകളെ പിടിച്ചു കൊന്നുകൊണ്ടിരുന്നാൽ, അവയുടെ വംശനാശംതന്നെ സംഭവിച്ചേക്കാമെന്ന ഭയംനിമിത്തം, അവ മുട്ടയിട്ടു പെരുകുന്ന കാലത്ത് തവളകളെ പിടിക്കരുതെന്ന്

ഒരു നിയമം സർക്കാർ ഉണ്ടാക്കിയിട്ടുണ്ട്. ഇതുപ്രകാരം, ജൂൺ മുതൽ സെപ്റ്റംബർവരെ തവളകളെ പിടിക്കുന്നത് കേന്ദ്രസർക്കാർ വിലക്കിയിട്ടുണ്ടത്രേ. ദൽഹിയിൽ തവളകൾ മുട്ടയിടുന്നത് ഈ കാലത്താവാം; പക്ഷേ, തമിഴ്നാട്ടിലും മററു പല സ്ഥലങ്ങളിലും തുലാവർഷക്കാലമാണ് തവളകളുടെ വിവാഹകാലം—അതായത് ഒക്ടോബർ മുതൽ ഡിസംബർ വരെ. അക്കാലത്തു തവളപിടുത്തത്തിന് ഒരു വിലക്കുമില്ല. ഇനി സർക്കാർ വിലക്കിയാൽത്തന്നെ, ആ വിലക്കു നടപ്പിൽവരുത്താൻ ആർ ഇരിക്കുന്നു? സംരക്ഷിതവനങ്ങളിൽ കടന്നു വലിയ മൃഗങ്ങളെയും പക്ഷിസങ്കേതങ്ങളിൽ ചെന്നു വലിയ പക്ഷികളെയും വെടിവെക്കുന്നവരേപ്പോലും തടയാത്ത സർക്കാർ ഉദ്യോഗസ്ഥന്മാരാണോ തവളപിടുത്തക്കാരെ തടയുന്നത്?

സാധാരണക്കാരായ ഗ്രാമീണരുടെ ശാസ്ത്രബോധവും ധർമബോധവും ഉണർത്തി, തവളപിടുത്തക്കാരെ എതിർക്കുന്നതിനുള്ള ധൈര്യവും ആവേശവും അവരിൽ ഉളവാക്കുക മാത്രമാണു നീചമായ ഈ ജന്തുസംഹാരം തടയുന്നതിനുള്ള മാർഗം. പ്രത്യേകിച്ച് സ്കൂൾകുട്ടികളെ തവളപിടുത്തക്കാരുടെ ജന്മശത്രുക്കളാക്കി മാററണം.

രാത്രികാലങ്ങളിൽ പെട്രോമാക്സ് കൊളുത്തി, ചാക്കുമായി, പാടങ്ങളുടെ വക്കുകളിലൂടെ നീങ്ങുന്ന തവളപിടുത്തക്കാരെ കണ്ടാലുടൻ കുട്ടികൾ കൂട്ടമായി ചെന്ന് അവരെ വളയണം. പാട്ടുകൊട്ടിയും കൂവിയും അവരുടെ തവളപിടിത്തം അസാധ്യമാക്കിത്തീർക്കണം. സ്വന്തം പഞ്ചായത്തിനപ്പുറത്തേക്ക് അവരെ ഘോഷയാത്രയായി കൊണ്ടുപോയി നാടുകടത്തിവിടണം.

വനസംരക്ഷണത്തിലും പ്രകൃതിസംരക്ഷണത്തിലും താത്പര്യമുള്ളവർ ഇതൊരു പ്രസ്ഥാനമാക്കി വളർത്തിക്കൊണ്ടുവരുന്നതു കൊള്ളാം.

‘തവളക്കുറുങ്കാലി, കൊട്ടുകാലി, പെണ്ണേ,
ചന്തമില്ലാത്ത കുടവയറീ!
നിന്നെപ്പിടിക്കാൻ നടക്കുന്ന നീചന്റെ
ചെന്നിയടിച്ചു തകർക്കും ഞങ്ങൾ’

എന്നതുപോലെയുള്ള പാട്ടുകൾ എന്നാണു നമ്മുടെ കുട്ടികൾ പാടി നടക്കുക?

6 ഏപ്രിൽ, 1986

## 71. ചിത്രശലഭങ്ങൾ

‘ലെപ്പിഡോപ്തെറോളജി’ എന്ന വാക്ക് ഇന്ത്യയിലെ അക്കാദമിക് വൃത്തങ്ങളിൽപ്പോലും ഇനിയും പ്രചാരം നേടിക്കഴിഞ്ഞിട്ടില്ല. ‘ചിത്രശലഭവിജ്ഞാനം’ എന്നാണ് ഈ വാക്കിന് അർത്ഥം. ചിത്രശലഭങ്ങളെ കേന്ദ്രീകരിച്ച് ഒരു വിജ്ഞാനവിഭാഗം ഉണ്ടെന്നു മനസ്സിലാക്കിയിട്ടുള്ളവർ നമ്മുടെ ഇടയിൽ ചുരുക്കമായിരിക്കും. ചിത്രശലഭനിരീക്ഷണം ഒരു ഹോബിയായി അംഗീകരിച്ചിട്ടുള്ളവരുടെ കഥ പറയാനുമില്ല. പക്ഷിനിരീക്ഷണം ഒരു ഹോബി ആവാമെന്ന്, ‘ഇന്ദുചൂഡ’ന്റെ—പ്രൊഫസ്സർ കെ.കെ. നീലകണ്ഠന്റെ—അപ്പിതവും ദീർഘവുമായ സേവനം മലയാളികളെ പഠിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രൊഫ. നീലകണ്ഠനെന്ന ‘ഓർണിത്തോളജിസ്റ്റി’നെ ആദരിക്കാൻ, പക്ഷേ, നമ്മുടെ സർവകലാശാലകളോ അക്കാദമിക് വൃത്തങ്ങളോ ഇനിയും തയ്യാറായിട്ടില്ല. ഓർ